# പതിനഞ്ചാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2021 ആഗസ്റ്റ് 11, ബുധനാഴ്ച

**നമ്പർ 27**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ അഞ്ചെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

2018-ലെ മഹാപ്രളയത്തിനുശേഷം വർഷംതോറും കുട്ടനാട്ടിൽ വെള്ളപ്പൊക്കം ഉണ്ടായതുപോലെ ഈ വർഷവും കാലവർഷം ശക്തമാകുമ്പോൾ ഉണ്ടായേക്കാവുന്ന വെള്ളപ്പൊക്കത്തെ ചെറുക്കാനുള്ള നടപടികൾ സ്വീകരിക്കാത്തതുകാരണം കുട്ടനാട്ടിലെ ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്കമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. പി. സി. വിഷ്ണുനാഥും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. ജലവിഭവ വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു

ശ്രദ്ധ ക്ഷണിക്കൽ :

(1) റോഡ് സേഫ്റ്റി അതോറിറ്റിയുടെയും ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളുടെയും പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. മാത്യു ടി. തോമസ് ഗതാഗത വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) ക്രിസ്തുമതം സ്വീകരിച്ച പട്ടികജാതിക്കാർക്ക് ജനസംഖ്യാനുപാതികമായി സംവരണം ഏർപ്പെടുത്തേണ്ടതിന്റെയും പരിവർത്തിത ക്രൈസ്തവ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെയും ആവശ്യകതയിലേയ്ക്ക് ശ്രീ. മോൻസ് ജോസഫ് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 1316/2021 (i).

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ</u> :

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. കെ. വി. സുമേഷ് | തലശ്ശേരി പൈതൃക ടൂറിസത്തിൽ പള്ളിക്കുന്ന് മൂകാംബിക ക്ഷേത്രം ഉൾപ്പെടുത്തുന്നതിന് നടപടി | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 2 | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ദുരന്ത നിവാരണ വകുപ്പിന്റെ 4-8-2021-ലെ സർക്കാർ ഉത്തരവ് | റവന്യൂ വകുപ്പുമന്ത്രി |
| 3 | ശ്രീ. കെ. കെ. രാമചന്ദ്രൻ | ആറ്റപ്പിള്ളി-റെഗുലേറ്റർ കംബ്രിഡ്ജിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണം | ജലവിഭവ വകുപ്പുമന്ത്രി |
| 4 | ശ്രീ. പി. അബ്ദുൽ ഹമീദ് | കടക്കാട്ടുപാറ റെഗുലേറ്ററിന്റെയും മണ്ണൂട്ടാംപാറ അണക്കെട്ടിന്റെ കൈവരിയുടെയും നിർമ്മാണം | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ. പി. നന്ദകുമാർ | എൻ.ടി.സി. മില്ലുകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 6 | ശ്രീ. കെ. ബാബു (*തൃപ്പൂണിത്തുറ*) | ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യബന്ധന മേഖലയിലെ പ്രയാസങ്ങൾ | മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി |
| 7 | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | എല്ലാ കുടുംബങ്ങൾക്കും റേഷൻ കാർഡ് നൽകാൻ നടപടി | ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി |
| 8 | ശ്രീ. സി. കെ. ഹരീന്ദ്രൻ | തിരുവനന്തപുരം-നാഗർകോവിൽ-കന്യാകുമാരി റെയിൽവേപാത ഇരട്ടിപ്പിക്കലും എയ്യുകൊണ്ടാൻ കാണിയിൽ മേൽപ്പാല നിർമ്മാണവും | കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി |
| 9 | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | കണ്ണൂർ ജില്ലാ ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 10 | ശ്രീ. കുറുക്കോളി മൊയ്തീൻ | വളവന്നൂർ സി.എച്ച്.സി.യുടെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

അതാതു വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

ധനകാര്യം :

## 2021-2022 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ ചർച്ചയും വോട്ടെടുപ്പും

2021-2022 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള II, III, VI, XII, XV, XVII, XVIII, XXI, XXIV, XXVII, XXVIII, XXIX, XXX, XXXII, XXXIII, XXXV, XXXVI, XXXVII, XXXVIII, XLII, XLVI എന്നീ ധനാഭ്യർത്ഥനകളുടെ പേരിൽ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയങ്ങൾ ബന്ധപ്പെട്ട മന്ത്രിമാർ അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. പി. ടി. എ. റഹിം

ശ്രീ. കെ. ബാബു (*തൃപ്പൂണിത്തുറ*)

ശ്രീ. പി. ബാലചന്ദ്രൻ

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. കെ. ജെ. മാക്സി

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. എ. രാജ

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. പി. ഉബൈദുള്ള

ഡോ. എൻ. ജയരാജ്

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. എ. എൻ. ഷംസീർ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മറുപടി നൽകി.

തുടർന്ന് II, III, VI, XII, XV, XVII, XVIII, XXI, XXIV, XXVII, XXVIII, XXIX, XXX, XXXII, XXXIII, XXXV, XXXVI, XXXVII, XXXVIII, XLII, XLVI എന്നീ ധനാഭ്യർത്ഥനകൾ സഭ വോട്ടിനിട്ട് പാസ്സാക്കുകയും XIV, XVI, XXII എന്നീ ധനാഭ്യർത്ഥനകളുടെ പേരിലുള്ള ഉപധനാഭ്യർത്ഥനകൾ ചർച്ച കൂടാതെ പാസ്സാക്കുകയുമുണ്ടായി.

<u>നിയമനിർമ്മാണകാര്യം</u> :

<u>2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും</u>

മുഖ്യമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് 2021-ലെ കേരള ഡിജിറ്റൽ ശാസ്ത്ര സാങ്കേതിക നൂതനവിദ്യ സർവ്വകലാശാല ബിൽ അവതരിപ്പിക്കുകയും ചട്ടം 75 (1) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുകയും ചെയ്തു. തുടർന്ന് പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും മന്ത്രി അവതരിപ്പിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി ചുമതലപ്പെടുത്തിയതനുസരിച്ച് ഡോ. എം. കെ. മുനീർ ഓർഡിനൻസ് നിരാകരണപ്രമേയം അവതരിപ്പിച്ചു സംസാരിച്ചു. ശ്രീ. റോജി എം. ജോൺ നിരാകരണപ്രമേയത്തെ പിൻതാങ്ങി സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. എ. എൻ. ഷംസീർ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. എം. വിജിനും, ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കലും അവതരിപ്പിച്ചു സംസാരിച്ചു. ശ്രീ. വി. ആർ. സുനിൽ കുമാർ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതിയെയും, ശ്രീ. ടി. വി. ഇബ്രാഹിം ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതിയെയും പിന്താങ്ങി സംസാരിച്ചു.

നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രിയുടെ മറുപടിക്കുശേഷം ഓർഡിനൻസ് നിരാകരണപ്രമേയം സഭ തള്ളി. അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് പ്രമേയം പാസ്സാക്കുകയും ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയക്കുകയും ചെയ്തു.

2021 ആഗസ്റ്റ് 12-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 6.23 -ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

## Second Session

# BULLETIN—PART I

( Brief Record of Proceedings )

*Wednesday, August 11, 2021*

**No. 27**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions* :

Five questions in the list of questions posted for the day were answered orally.

*Adjournment Motion* :

After hearing the Minister for Water Resources, the Speaker withheld consent to the moving of an adjournment motion given notice of by Shri P. C. Vishnunadh and five other Members regarding the serious situation reported to have arisen consequent to the apprehension created among the people of Kuttanad due to the lack of flood control measures in the context of the impending heavy rainfall and threat of flood in this year also as it had happened during the consecutive years after the great flood of 2018.

*Calling Attention* :

(1) Shri Mathew T. Thomas called the attention of the Minister for Transport to the necessity to make the functioning of the Road Safety Authority and District Road Safety Councils more effective. The Minister made a statement thereto.

(2) Shri Mons Joseph called the attention of the Minister for Welfare of Scheduled Castes, Scheduled Tribes and Backward Classes and Devaswoms to the necessity to provide population based reservation to those converted to Christianity from Scheduled Castes and to enhance various benefits intended for converted Christian students. The Minister made a statement thereto.

KNPP. 1316/2021(ii).

*The Matters under Rule 304* :

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. കെ. വി. സുമേഷ് | തലശ്ശേരി പൈതൃക ടൂറിസത്തിൽ പള്ളിക്കുന്ന് മൂകാംബിക ക്ഷേത്രം ഉൾപ്പെടുത്തുന്നതിന് നടപടി | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 2 | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ദുരന്ത നിവാരണ വകുപ്പിന്റെ 4-8-2021-ലെ സർക്കാർ ഉത്തരവ് | റവന്യൂ വകുപ്പുമന്ത്രി |
| 3 | ശ്രീ. കെ. കെ. രാമചന്ദ്രൻ | ആറ്റപ്പിള്ളി-റെഗുലേറ്റർ കംബ്രിഡ്ജിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണം | ജലവിഭവ വകുപ്പുമന്ത്രി |
| 4 | ശ്രീ. പി. അബ്ദുൽ ഹമീദ് | കടക്കാട്ടുപാറ റെഗുലേറ്ററിന്റെയും മണ്ണട്ടാംപാറ അണക്കെട്ടിന്റെ കൈവരിയുടെയും നിർമ്മാണം | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ. പി. നന്ദകുമാർ | എൻ.ടി.സി. മില്ലുകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 6 | ശ്രീ. കെ. ബാബു (*തൃപ്പൂണിത്തുറ*) | ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യബന്ധന മേഖലയിലെ പ്രയാസങ്ങൾ | മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി |
| 7 | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | എല്ലാ കുടുംബങ്ങൾക്കും റേഷൻ കാർഡ് നൽകാൻ നടപടി | ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി |
| 8 | ശ്രീ. സി. കെ. ഹരീന്ദ്രൻ | തിരുവനന്തപുരം-നാഗർകോവിൽ-കന്യാകുമാരി റെയിൽവേപാത ഇരട്ടിപ്പിക്കലും എയ്യുകൊണ്ടാൻ കാണിയിൽ മേൽപ്പാല നിർമ്മാണവും | കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി |
| 9 | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | കണ്ണൂർ ജില്ലാ ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 10 | ശ്രീ. കുറുക്കോളി മൊയ്തീൻ | വളവന്നൂർ സി.എച്ച്.സി.യുടെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Financial Business* :

*Discussion and Voting on the Supplementary Demands for Grants in the Budget for the financial Year 2021-2022*

Motions for the Supplementary Demands for Grants in the Budget for the Financial Year 2021-2022 in respect of the Demands II, III, VI, XII, XV, XVII, XVIII, XXI, XXIV, XXVII, XXVIII, XXIX, XXX, XXXII, XXXIII, XXXV, XXXVI, XXXVII, XXXVIII, XLII, XLVI were moved by the respective Ministers.

The following Members took part in the discussion:

Shri P.T.A. Rahim

Shri K. Babu (*Thripoonithura*)

Shri P. Balachandran

Shri Manjalamkuzhi Ali

Shri K. Premkumar

Shri Mons Joseph

Shri K. J. Maxy

Shri Mathew T. Thomas

Shri T. J. Vinod

Shri A. Raja

Shri K. K. Ramachandran

Shri P. Ubaidulla

DR. N. Jayaraj

Shri E. K. Vijayan

Shri A. N. Shamseer

Shri Thiruvanchoor Radhakrishnan

Shri K. N. Balagopal, Minister for Finance replied to the points raised during the discussion.

Then the Supplementary demands in Demand Numbers II, III, VI, XII, XV, XVII, XVIII, XXI, XXIV, XXVII, XXVIII, XXIX, XXX, XXXII, XXXIII, XXXV, XXXVI, XXXVII, XXXVIII, XLII, XLVI were put to vote and passed by the House. The Supplementary demands in Demand Numbers XIV, XVI and XXII were also passed without any discussion.

*Legislative Business*:

*Introduction and motion for reference to Subject Committee of The Kerala University of Digital Sciences, Innovation and Technology Bill, 2021*

Shri P. Rajeeve, Minister for Industries, Law and Coir on behalf of the Chief Minister introduced The Kerala University of Digital Sciences, Innovation and Technology Bill, 2021 and laid the statement under rule 75 (1).Then the Minister moved that the Bill be referred to Subject Committee XIV.

DR. M. K. Muneer, as authorised by Shri Manjalamkuzhi Ali moved the ordinance disapproval motion and spoke. Shri Roji M. John seconded the motion and spoke. Shri M. Vijin, as authorised by Shri A. N. Shamseer moved an amendment to circulate the Bill for eliciting public opinion and Shri Sebastian Kulathunkal moved another amendment for referring the Bill to a Select Committee and spoke. Shri V. R. Sunil Kumar seconded the amendment to circulate the Bill for eliciting public opinion and spoke. Shri T. V. Ibrahim seconded the amendment for referring the Bill to a Select Committee and spoke.

After the reply by the Minister for Industries, Law and Coir the ordinance disapproval motion was declared lost. The amendments moved were withdrawn by the leave of the House. Then the Motion was adopted and the Bill was referred to the Subject Committee XIV-Home Affairs.

The House adjourned at 6.23 p.m. to meet again at 9.00 a.m. on Thursday, August 12, 2021.

S.V. UNNIKRISHNAN NAIR,
*Secretary.*